## പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1236.** **12.07.2016 ൽ മറുപടിയ്ക്ക്.**

**പത്ത് വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ**

| ചോദ്യം<br>ശ്രീ. എം.ഉമ്മർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പത്ത് വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ പ്രധാന നഗരങ്ങളിൽ പ്രവേശിക്കാൻ പാടില്ല എന്ന കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ദേശീയ ഹരിത ട്രൈബ്യൂണലിന്റെ കൊച്ചി സർക്യൂട്ട് ബഞ്ചിന്റെ ഒരു ഇടക്കാല ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത വിധി മൂലം സാധാരണക്കാർ നേരിടുന്ന യാത്രാ ക്ലേശത്തെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്.<br>കേരളത്തിലെ ആറ് പ്രധാന നഗരങ്ങളിൽ 10 വർഷത്തിലധികം പഴക്കമുള്ള ഡീസൽ വാഹനങ്ങൾ നിരോധിച്ച് കൊണ്ടുള്ള ഹരിത ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവ് ബഹു. കേരള ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. എന്നിരുന്നാലും സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ആർ.ടി.സി. ഘട്ടംഘട്ടമായി സ്വീകരിക്കുന്നതാണ്. ആദ്യഘട്ടമെന്ന നിലയിൽ സി.എൻ.ജി. ലഭ്യമായ എറണാകുളം |
| (സി) | പ്രസ്തുത വിധി നടപ്പിലാക്കുമ്പോൾ യാത്രാക്ലേശം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | (സി) | |

| | | | |
|---|---|---|---|
| | | | നഗരത്തിൽ സി.എൻ.ജി. ഉപയോഗിച്ചുള്ള വാഹനം ഓടിക്കുന്ന തിലേക്കായി ധനകാര്യ മന്ത്രി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗ-ത്തിൽ കൊണ്ടു വരുവാനും ശ്രമിക്കുന്നതാണ്. ഇതിലൂടെ യാത്ര ക്കാരുടെ ക്ലേശം ലഘൂകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.